വാരാദ്യ മാധ്യമം
മാധ്യമം ● ഞായർ ● 18 സെപ്റ്റംബർ 2016 ● ലക്കം 1481
varadyam@madhyamam.in



↑ കോഴിക്കോട് ബൈരായിക്കുളം ഗവ. എൽ.പി സ്കൂളിലെ കൊൽക്കത്ത സ്വദേശിനി മഞ്ജുഖാനും സഹപാഠികളും

● ഫോട്ടോ: പി. അഭിജിത്ത്

# ഇതരരുടെ സ്വന്തം സ്കൂളുകൾ

**മലയാളി പൊതുസമൂഹം ഉപേക്ഷിച്ച സർക്കാർ പ്രൈമറി വിദ്യാലയങ്ങളിലേക്ക് ഇതര സംസ്ഥാന തൊഴിലാളികളുടെ മക്കൾ പഠിതാക്കളായി എത്തുന്നു. അവർ വരുന്നതുകൊണ്ടു മാത്രം പൂട്ടു വീഴാത്ത സ്കൂളുകൾ നമ്മുടെ നാട്ടിലുണ്ട്. ഭാഷക്കും സംസ്കാരത്തിനുമപ്പുറത്തെ അവരുടെ പഠനലോകം...**

ഡോ. വി. അബ്ദുല്ലത്തീഫ്

കോഴിക്കോട് വെള്ളയിൽ ഗവ. യു.പി സ്കൂളിൽച്ചെന്നാൽ കെ.കെ. രഘുനാഥൻ മാഷ് ഒരു ഗ്രൂപ് ഫോട്ടോ കാണിച്ചു തരും. 1970ൽ സ്കൂളിലെ ഒരു അധ്യാപകൻെറ വിരമിക്കൽ ചടങ്ങിനോടനുബന്ധിച്ച് എടുത്ത ആ ഫോട്ടോയിൽ 40 അധ്യാപകരുണ്ട്. അധ്യാപക-വിദ്യാർഥി അനുപാതത്തിൻെറ കണക്കുനോക്കിയാൽ അക്കാലത്ത് ഈ വിദ്യാലയത്തിൽ ആയിരത്തിലധികം വിദ്യാർഥികൾ ഉണ്ടായിരിക്കണമെന്ന് രഘുനാഥൻ മാഷ് കണക്കുകൂട്ടിപ്പറയുന്നു. നാലു ദശകങ്ങൾക്കു ശേഷം, കൃത്യമായി പറഞ്ഞാൽ 2012-2013 അധ്യയനവർഷത്തിൽ ഈ വിദ്യാലയത്തിലെ കുട്ടികളുടെ എണ്ണം വെറും മൂന്നായിരുന്നു. നാലിലും ആറിലും ഏഴിലും ഓരോ കുട്ടികൾ വീതം. പുതുതായി സ്ഥലം മാറിയെത്തിയ മൂന്ന് അധ്യാപകരടക്കം ഇവരെ പഠിപ്പിക്കാൻ അഞ്ച് അധ്യാപകരും! വിദ്യാലയം അടച്ചുപൂട്ടേണ്ടി വരും എന്ന സാഹചര്യത്തിൽ ഒരു പ്രമുഖ അധ്യാപക സംഘടനയുടെ ജില്ലാ സെക്രട്ടറി കൂടിയായിരുന്ന കെ.കെ. രഘുനാഥൻ മാഷിൻെറ നേതൃത്വത്തിൽ നാട്ടുകാരുടെ ഒരു യോഗം വിളിച്ചുകൂട്ടി. നാട്ടുകാരനും വിദ്യാലയത്തിലെ പൂർവ വിദ്യാർഥിയുമായിരുന്ന കെ.പി. അബ്ദുൽ ഗഫൂർ എന്ന വ്യക്തി സെൻറ് ജോസഫ്സ് എൽ.പി സ്കൂളിൽ പഠിക്കുകയായിരുന്ന തൻെറ കുട്ടിയെ പേരുവെട്ടി മുങ്ങിക്കൊണ്ടിരിക്കുന്ന സ്കൂളിൽ ചേർക്കുമെന്ന് യോഗത്തിനു മുമ്പാകെ പ്രഖ്യാപിച്ചു. തുടർന്നു നടന്ന ചിട്ടയായ പ്രവർത്തനങ്ങളുടെ കരുത്തിൽ ഈ വർഷം വിദ്യാലയത്തിലെ അംഗസംഖ്യ 150 ആണ്. ഒന്നാം ക്ലാസിൽ മാത്രം ഈ വർഷം വന്നുചേർന്നത് 21 കുട്ടികൾ.

കോഴിക്കോട് ജില്ലയിലെതന്നെ മറ്റൊരു പ്രമുഖ വിദ്യാലയത്തിൻെറ 125ാം വാർഷികത്തോടനുബന്ധിച്ച് വിദ്യാലയചരിത്രം പരിശോധിക്കുകയായിരുന്ന ഈ ലേഖകൻ വിചിത്രമായ ചില വിവരങ്ങളിലൂടെ കടന്നുപോവുകയുണ്ടായി. വിദ്യാലയത്തിൻെറ ആദ്യ വർഷങ്ങളിൽ നായർ സമുദായത്തിൽപെട്ട കുട്ടികളായിരുന്നു വിദ്യാലയത്തിൽ കൂടുതൽ. നമ്പൂതിരി, അമ്പലവാസി വിഭാഗങ്ങളിൽനിന്നുള്ള ഏതാനും വിദ്യാർഥികളും ഉണ്ടായിരുന്നു. ഈഴവർ തൊട്ടുള്ള ഒറ്റ വിദ്യാർഥിയും ആദ്യവർഷങ്ങളിൽ ഇല്ല. പിന്നെ ക്രമേണ ഈഴവ വിദ്യാർഥികളുടെ എണ്ണം കൂടിവന്നു. കുറേകാലം പിന്നിട്ടാണ് പട്ടികജാതി വിഭാഗത്തിൽപ്പെട്ട വിദ്യാർഥികൾ സ്കൂൾ രജിസ്റ്ററിൽ പ്രത്യക്ഷപ്പെട്ടു തുടങ്ങുന്നത്. ഈഴവ വിദ്യാർഥികളും പട്ടികജാതി വിദ്യാർഥികളും എണ്ണം വർധിപ്പിച്ചതിന് ആനുപാതികമായി നായർ, നമ്പൂതിരി വിദ്യാർഥികൾ അപ്രത്യക്ഷരായിക്കൊണ്ടിരിക്കുകയും ചെയ്തു. പിന്നെപ്പിന്നെ വിദ്യാർഥികൾ കുറഞ്ഞ് സ്കൂളിൻെറ പ്രസക്തിതന്നെ നഷ്ടപ്പെടുന്ന സ്ഥിതിയായി. അവിടെനിന്ന് വിദ്യാലയം പിന്നെയും ഊർജം സംഭരിച്ച് മുന്നേറുന്നത് പുതിയ ചരിത്രം.

തീർത്തും സ്വകാര്യമായ മറ്റൊരനുഭവം കൂടി. 2006ൽ എൻെറ മൂത്ത മകളെ കോഴിക്കോട് നഗരത്തോടു ചേർന്ന ഒരു എൽ.പി സ്കൂളിൽ ചേർക്കുമ്പോൾ അവിടെ ഒന്നാം ക്ലാസിൽ ഇംഗ്ലീഷ്, മലയാളം മീഡിയം ഡിവിഷനുകളിലായി 70ലധികം കുട്ടികളുണ്ടായിരുന്നു. ആറുവർഷം കഴിഞ്ഞ് രണ്ടാമത്തെ കുട്ടിയെ ചേർക്കാൻ അവിടെച്ചെന്നപ്പോൾ മലയാളം മീഡിയത്തിൽ ആകെ ആറു കുട്ടികൾ! ഈ ആറു കുട്ടികളിൽ മൂന്നുപേർ വിവിധ ശാരീരിക, മാനസിക പ്രശ്നമുള്ളവരാണ്. ഒരു കുട്ടി സ്കൂളിൽ വരാതാവുകയും വേറൊരു കുട്ടി ഇംഗ്ലീഷ് മീഡിയത്തിലേക്ക് മാറുകയും ചെയ്തതോടെ കുട്ടിയെ സ്കൂൾ മാറ്റിച്ചേർക്കുകയല്ലാതെ മറ്റു വഴിയില്ലാതായി.

ഇത്രയും പറഞ്ഞുവന്നത് കേരളത്തിൽ വിദ്യാലയങ്ങൾ പൂട്ടുന്നുവെന്ന വാർത്തയുടെ ചില നേരറിവുകളാണ്. ഇനി പറയാനിരിക്കുന്നത് പല സർക്കാർ സ്കൂളുകളും പിടിച്ചുനിൽക്കുന്നതിൻെറ കാരണവും. രണ്ടുവർഷം മുമ്പ് ഒരു സുഹൃത്തിനെ കാണാൻ അദ്ദേഹം ജോലി ചെയ്യുന്ന വിദ്യാലയത്തിൽ പോയപ്പോൾ അധ്യാപകരുടെയും നാട്ടുകാരുടെയും ബോധവത്കരണശ്രമങ്ങളുടെ ഫലമായി അക്കൊല്ലം ഒന്നാം ക്ലാസിൽ അഞ്ചുകുട്ടികൾ വന്നുചേർന്നത് അദ്ദേഹം ആവേശത്തോടെ വിവരിച്ചു. എന്നിട്ടദ്ദേഹം ഒരു കാര്യം കാണിച്ചുതരാമെന്നു പറഞ്ഞ് ഒന്നാം ക്ലാസിലേക്ക് കൂട്ടിക്കൊണ്ടുപോയി. തെളിച്ചമുള്ള പെയിൻറടിച്ച, നിറയെ ചിത്രങ്ങൾ വരച്ച ക്ലാസ്മുറിയിൽ കുഞ്ഞിക്കസേരകളിൽ അഞ്ച് കുരുന്നുകൾ ഇരിക്കുന്നു. 'ഇവരെക്കണ്ടിട്ട് എന്തെങ്കിലും തോന്നുന്നുണ്ടോ?' മാഷ് ചോദിച്ചു.

എനിക്കൊന്നും മനസ്സിലായില്ല. അപ്പോൾ വലിയൊരു രഹസ്യം പറയുന്നതുപോലെ അദ്ദേഹം എൻെറ ചെവിയിൽ പറഞ്ഞു: 'അതിൽ രണ്ടുകുട്ടികൾ ബംഗാളികളാണ്'.

## ഇതര സംസ്ഥാനക്കാരുടെ സർക്കാർ സ്കൂളുകൾ

ഇതര സംസ്ഥാന തൊഴിലാളികളെക്കുറിച്ചുള്ള ഒരു ഡോക്യുമെൻററിയുടെ ചിത്രീകരണവുമായി ബന്ധപ്പെട്ട് പെരുമ്പാവൂരിൽ പോയതോർക്കുന്നു. കേരളത്തിലേക്ക് വടക്കു കിഴക്കൻ സംസ്ഥാനങ്ങളിൽനിന്ന് ബംഗാളികൾ വന്നുതുടങ്ങിയത് പെരുമ്പാവൂരേക്കാണ്. അസമിലെ വനനിയമങ്ങൾ പ്രതിസന്ധിയിലാക്കിയ പ്ലൈവുഡ് വ്യവസായ ശാലകളിൽനിന്നുള്ള തൊഴിലാളികളായിരുന്നു പെരുമ്പാവൂരിലെ മരക്കമ്പനികളിലേക്കു ചേക്കേറിയത്. അന്ന് വെള്ളി, ശനി ദിവസങ്ങളിലായി സമൂഹത്തിൻെറ പല തുറകളിൽപെട്ട ആളുകളുമായി സംസാരിച്ചു മടങ്ങാനൊരുങ്ങുമ്പോൾ പെരുമ്പാവൂരങ്ങാടിയുടെ ഞായറാഴ്ചവിശേഷം കണ്ടേ മടങ്ങാവൂ എന്ന് എല്ലാവരും നിർബന്ധിച്ചുപറഞ്ഞു. ഒരു ലക്ഷത്തോളം ഇതര സംസ്ഥാന തൊഴിലാളികളുണ്ട് പെരുമ്പാവൂരിൽ. ഏതാണ്ട് അവരെല്ലാവരും ഞായറാഴ്ച അങ്ങാടിയിലിറങ്ങും. വിവിധ തരം ഉൽപന്നങ്ങൾകൊണ്ടും ഭാഷകൊണ്ടും പെരുമ്പാവൂർ അന്നേക്ക് കൊൽക്കത്തയിലെ ഏതോ തെരുവാകുന്നു. സിനിമാക്കൊട്ടകയിൽ ഒറിയ പടം കളിക്കുന്നു. കാസറ്റ് കടകളിൽനിന്ന് ബംഗാളിയിൽ പാട്ടും മതപ്രഭാഷണങ്ങളും ഉയർന്നുകേൾക്കുന്നു.

> **പെരുമ്പാവൂരിലും പരിസരപ്രദേശങ്ങളിലും സർക്കാർ വിദ്യാലയങ്ങളിൽ അസം, ഒഡിഷ, ബംഗാൾ എന്നിവിടങ്ങളിൽനിന്നുള്ള കുട്ടികൾ ധാരാളമുണ്ട്. ഇവർക്ക് പഠിക്കാനായി സർവ ശിക്ഷാ അഭിയാൻ (എസ്.എസ്.എ) ഇടപെട്ട് അവരവരുടെ മാതൃഭാഷയിലുള്ള പാഠപുസ്തകങ്ങൾ എത്തിച്ചുനൽകിയിരിക്കുന്നു**

പെരുമ്പാവൂരിലും പരിസരപ്രദേശങ്ങളിലും സർക്കാർ വിദ്യാലയങ്ങളിൽ അസം, ഒഡിഷ, ബംഗാൾ എന്നിവിടങ്ങളിൽനിന്നുള്ള കുട്ടികൾ ധാരാളമുണ്ട്. ഇവർക്ക് പഠിക്കാനായി സർവ ശിക്ഷാ അഭിയാൻ (എസ്.എസ്.എ) ഇടപെട്ട് അവരവരുടെ മാതൃഭാഷയിലുള്ള പാഠപുസ്തകങ്ങൾ എത്തിച്ചുനൽകിയിരിക്കുന്നു. ഇതര സംസ്ഥാന തൊഴിൽക്കൂട്ടങ്ങളിൽനിന്നുതന്നെയുള്ള ബിരുദധാരികളെ കണ്ടെത്തി അധ്യാപകരായും വെച്ചിട്ടുണ്ട്. എസ്.എസ്.എയുടെ ധനസഹായത്തോടെ ഒരു ഒറിയ അധ്യാപകനും ഒരു ബംഗാളി അധ്യാപകനും ഇത്തരത്തിൽ പ്രവർത്തിക്കുന്നുണ്ട്. അസമിൽനിന്നുള്ള കുട്ടികൾ ഹിന്ദി പാഠപുസ്തകങ്ങളാണ് ഉപയോഗിക്കുന്നത്. അവരെ പഠിപ്പിക്കുന്നതിന് മലയാളിയായ ഒരു ഹിന്ദി അധ്യാപകനെ പ്രാദേശികമായി നിയമിച്ചിട്ടുണ്ട്. പെരുമ്പാവൂരിനടുത്തുള്ള കണ്ടന്തറ ഗവ. യു.പി സ്കൂൾ ഇത്തരത്തിലുള്ള ഒരു വിദ്യാലയമാണ്. ഒന്നാം ക്ലാസിലെ ബഹുഭാഷാ പ്രശ്നത്തെ അഭിമുഖീകരിക്കാൻ എസ്.എസ്.എ ഒരു ഗവേഷണ പ്രോജക്ട് ആരംഭിച്ചിരുന്നെങ്കിലും ആരംഭദശയിലാണ്. മിക്കവാറും കുട്ടികൾ മലയാളത്തിൽത്തന്നെയാണ് പഠിക്കുന്നത്. ഒരു ഇതര സംസ്ഥാന തൊഴിലാളിയുടെ കുട്ടി പത്താം ക്ലാസിൽ മുഴുവൻ എ പ്ലസ് വാങ്ങിയത് ഈയിടെ വാർത്തയായിരുന്നു. യുവജനോത്സവങ്ങളിലും പല ഇനങ്ങളിൽ ഈ കുട്ടികൾ മുന്നിലെത്തുന്നു.

കൊച്ചി നഗരപ്രാന്തത്തിലേക്ക് പ്രധാനാധ്യാപികയായി സ്ഥലം മാറിയെത്തിയ കോഴിക്കോട്ടുകാരിയായ മംഗളബായി ടീച്ചർക്ക് വിചിത്രമായ ഒരു കഥയാണ് പറയാനുള്ളത്. ടീച്ചർ ജോലി ചെയ്യാനെത്തിയ ഹൈസ്കൂളിൽ 80 ശതമാനത്തിലധികം വിദ്യാർഥികൾ ബംഗാളികളാണ്. മെട്രോ റെയിലിൻെറ പണി നിർദിഷ്ടസമയത്തിന് തീർക്കുന്നതിനായി തൊഴിലാളികളെ കുടുംബസമേതം കൊണ്ടുവന്ന് പാർപ്പിച്ചിരിക്കുകയാണ്. കുടുംബവും കുട്ടികളുമെല്ലാം ഇവിടെത്തന്നെയായാൽ നാട്ടിൽപോകുന്ന പ്രശ്നം ഒഴിവാക്കാമല്ലോ! അവരെ എന്താണ് പഠിപ്പിക്കുക? ജില്ലാ പഞ്ചായത്തിൻെറയും എസ്.എസ്.എയുടെയുമെല്ലാം സഹായത്തോടെ ടീച്ചർ പാഠപുസ്തകങ്ങളെല്ലാം ബംഗാളി ഭാഷയിലേക്കുമാറ്റി. കേരളത്തിലെ വിദ്യാഭ്യാസപ്രവർത്തകരിലാരും ഇതുവരെ ചിന്തിച്ചിട്ടില്ലാത്ത ഒരു കാര്യമാണ് കൊച്ചിയിലെ ഈ വിദ്യാലയത്തിൽ ടീച്ചറുടെ നേതൃത്വത്തിൽ നടന്നത്.

കേരളത്തിലെ വലിയ വ്യവസായ മേഖലകളിലൊന്നായ കഞ്ചിക്കോട്ടെ ഗവ. യു.പി സ്കൂളിലും സ്ഥിതി വ്യത്യസ്തമല്ല. ഇവിടെ വർഷങ്ങളായി തദ്ദേശീയ വിദ്യാർഥികൾ നാമമാത്രമാണ്. സമീപകാലത്തായി ഈ വിദ്യാർഥികളിൽ വടക്കു-കിഴക്കൻ സംസ്ഥാനങ്ങളിൽനിന്നുമുള്ള കുട്ടികളുടെ എണ്ണം വർധിച്ചുവരുന്നു. നെല്ലിയാമ്പതിയിലെ തോട്ടം മേഖലയിലുള്ള പ്രാഥമിക വിദ്യാലയത്തിൽ ആകെ നൂറിൽത്താഴെ വിദ്യാർഥികളേയുള്ളൂ. ഇവരിൽ 80 ശതമാനത്തിലധികം ബംഗാൾ, ഒഡിഷ, ഝാർഖണ്ഡ് സംസ്ഥാനങ്ങളിൽനിന്നുള്ളവരാണ്.

കോഴിക്കോട് നഗരത്തിൽ ശിക്ഷക്സദന് സമീപമുള്ള ബൈരായിക്കുളം ഗവ. എൽ.പി സ്കൂളിൽ രണ്ടു കുട്ടികളൊഴികെ ബാക്കിയെല്ലാവരും ഇതര സംസ്ഥാനത്തൊഴിലാളികളുടെ മക്കളാണ്. ഈ സ്കൂളിലെ കൊൽക്കത്ത സ്വദേശി മഞ്ജുഖാൻ സ്കൂളിൻെറ പ്രസരിപ്പാണെന്ന് അധ്യാപകർ പറയുന്നു. കോഴിക്കോട് നഗരത്തിലെതന്നെ ചിന്താവളപ്പ് എ.യു.പി സ്കൂളിൽ ആകെയുള്ള 25 കുട്ടികളിൽ 15 പേരും ബിഹാർ, ഝാർഖണ്ഡ്, ഉത്തർപ്രദേശ് എന്നിവിടങ്ങളിൽനിന്നുള്ളവർ. കിളിയനാട് എൽ.പി സ്കൂൾ, നഗരം എൽ.പി സ്കൂൾ എന്നിവ നിശ്ശബ്ദമായി കണ്ണടച്ച പൊതു പള്ളിക്കൂടങ്ങളാണ്. എരഞ്ഞിപ്പാലത്ത് മാറാട് പ്രത്യേക കോടതിയായി പ്രവർത്തിച്ച കെട്ടിടം പൂട്ടിപ്പോയ ഒരു സർക്കാർ വിദ്യാലയത്തിൻെറ അവശിഷ്ടമാണ്. ബൈരായിക്കുളം സ്കൂളിനും ചിന്താവളപ്പ് സ്കൂളിനുമെല്ലാം പൂട്ടിപ്പോയ വിദ്യാലയങ്ങളുടെ ഗതി വരാത്തത് ഇതര സംസ്ഥാന തൊഴിലാളികളുടെ മക്കളുടെ സ്വാധീനംകൊണ്ടു മാത്രമാണ്. നഗരപ്രദേശങ്ങളിലുള്ള എൽ.പി, യു.പി സ്കൂളുകളിൽ പലതും അധ്യാപകരുടെയും പൊതുജനങ്ങളുടെയും സമയോചിതമായ ഇടപെടൽകൊണ്ട് പിടിച്ചുനിൽക്കുന്നുണ്ട്. ആഴ്ചവട്ടം ഗവ. എൽ.പി സ്കൂൾ, പടിഞ്ഞാറ്റും മുറി ഗവ. യു.പി സ്കൂൾ, മണാശ്ശേരി ഗവ. യു.പി സ്കൂൾ എന്നിവ സമയോചിതമായ ഇടപെടൽമൂലം മികച്ച നിലവാരത്തിലേക്കുയർന്ന സ്കൂളുകളാണ്. ശ്രദ്ധകിട്ടാതെപോയ പല വിദ്യാലയങ്ങളും ചരിത്രത്തിലേക്ക് പിൻവാങ്ങാൻ ഒരുങ്ങിനിൽക്കുമ്പോൾ ഇത്തരം വിദ്യാലയങ്ങളുടെ പ്രാണൻ നീട്ടിയെടുക്കുന്നത് ബംഗാളിയും ഒറിയയും ഭോജ്പുരിയും മാതൃഭാഷയായിട്ടുള്ള ഇതര സംസ്ഥാന വിദ്യാർഥികളാണ്.

കേരളത്തിലെ കച്ചവടക്കാരെല്ലാം ഉത്തരേന്ത്യക്കാരോട് ഹിന്ദി സംസാരിച്ചു തുടങ്ങിയിട്ടുണ്ട്. ദേവനാഗരി ലിപിയിൽ കാണുന്ന പരസ്യപ്പലകകൾ പ്രത്യക്ഷപ്പെട്ടു തുടങ്ങിയിരിക്കുന്നു. മാതൃഭാഷയിലാവണം വിദ്യാഭ്യാസം എന്നത് സൈദ്ധാന്തികമായി സ്ഥാപിക്കപ്പെട്ട വസ്തുതയാണ്. അങ്ങാടി ഭാഷ ഉത്തരേന്ത്യക്കാരെയും വടക്കു കിഴക്കൻ സംസ്ഥാനങ്ങളെയും അവരുടെ ഭാഷയിൽ സ്വാഗതം ചെയ്യുമ്പോൾ നമ്മുടെ വിദ്യാലയങ്ങൾ അവരുടെ കുട്ടികൾക്ക് വിളമ്പുന്നത് മലയാളത്തിലുള്ള തറയും പറയുമാണ്. ഇത് നിലനിൽക്കുന്ന വിദ്യാഭ്യാസ സങ്കൽപങ്ങൾക്ക് എതിരാണ്. മറ്റു സംസ്ഥാനങ്ങളിൽനിന്നും സാർക്ക് രാജ്യങ്ങളിൽനിന്നും വിദ്യാഭ്യാസത്തിനായി ധാരാളം കുട്ടികൾ കേരളത്തിലെ പ്രഫഷനൽ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ എത്തുന്നുണ്ട്. കോഴിക്കോട്ടെ ഒരു സി.ബി.എസ്.ഇ റെസിഡൻഷ്യൽ സ്കൂളിൽ പ്ലസ് ടു പഠനത്തിനായി 30ഓളം കുട്ടികൾ നേപ്പാളിൽനിന്ന് വന്നുചേർന്നിട്ടുണ്ട്. ഏതാണ്ട് ഒരു ലക്ഷം രൂപയാണ് അവിടത്തെ വാർഷിക ഫീസ്.

കേരളത്തിലെ വിദ്യാലയങ്ങളിലെത്തുന്ന ഇതരദേശ വിദ്യാർഥികൾ രണ്ട് ധ്രുവങ്ങളിൽ നിൽക്കുന്നവരാണ്. ലക്ഷങ്ങൾ ഫീസുകൊടുത്ത് ഉന്നതവിദ്യാഭ്യാസം തേടിയെത്തുന്നവർക്ക് കാര്യമായ പ്രശ്നങ്ങളില്ല. അതേസമയം, പൊതുവിദ്യാലയങ്ങളെ താങ്ങിനിർത്തുന്ന ഇതര സംസ്ഥാന വിദ്യാർഥികളുടെ കൃത്യമായ കണക്കുപോലും നമ്മുടെ പക്കലില്ല. തൊഴിലാളികളെ സംബന്ധിച്ച് വിദ്യാലയങ്ങൾ അവരുടെ കുട്ടികൾക്കുള്ള സുരക്ഷിത ഡേ കെയർ സെൻററുകളാണ്. വിദ്യാലയങ്ങളിൽ പാഠപുസ്തകങ്ങളടക്കം പഠനസാമഗ്രികൾ ബഹുഭാഷ സംവിധാനത്തിലേക്ക് മാറേണ്ടുന്ന ഗുരുതരമായ സ്ഥിതിയും നിലനിൽക്കുന്നു. ജോലി നഷ്ടപ്പെടുന്ന നാലായിരം അധ്യാപകരുടെ പ്രശ്നങ്ങൾ ചർച്ച ചെയ്യുന്ന കൂട്ടത്തിൽ നമ്മുടെ പ്രാഥമിക വിദ്യാലയങ്ങളിലെത്തുന്ന ഇതര സംസ്ഥാന വിദ്യാർഥികൾ എന്താണ്, എങ്ങനെയാണ് പഠിക്കുന്നത് എന്നതും ഗൗരവമായി ചർച്ച ചെയ്യേണ്ടതുണ്ട്. ●




**04**
**വേദനകൾ എന്നെ ഗായകനാക്കി**



**പൂച്ചക്കൊരിടം**





ചിത്രീകരണം: കന്നി എം.

കഥ

# ശബ്ദക്കോളാമ്പി

## സൈനുൽ ആബിദ് പി.പി

Y ആകൃതിയിലുള്ള പറങ്കിമാവായിരുന്നു അടയാളം വെച്ചിരുന്നത്. മൂന്നരവർഷംകൊണ്ടുതന്നെ ഖബറുകൾ വേർതിരിക്കാനാകാത്ത വിധം കാടുമൂടിയിരിക്കുന്നു. കുന്നിൻമുകളിലെ പള്ളിക്കാട് എത്രവേഗത്തിലാണ് ഖബറുകളെ അതിൻെറ ഉദരത്തിലേക്ക് ദഹിപ്പിച്ചുകളഞ്ഞത് എന്നുചിന്തിച്ച്, പകലിലും ചീവീടുകൾ കരയുന്ന കാടിൻെറ നിഗൂഢതയിലേക്ക് യഹ്യ നടന്നു. കല്ലിൽ പേരുകൊത്താത്ത പുരാതന ഖബറുകളിൽ ചവിട്ടാതെ മരങ്ങളുടെ ചുവടുപിടിച്ച് യഹ്യ ഇല്ലിക്കൽ അയ്യൂബിൻെറ ഖബർ തിരഞ്ഞു. അയ്യൂബ് തൻെറ കളിക്കൂട്ടുകാരനാണ്. നാടായ നാടൊക്കെ ചുറ്റിക്കറങ്ങാൻ തോളിൽ കൈയിട്ടവൻ. പാട്ടുകാരൻ. അവൻെറ ഖബറുംപുറത്തു വന്നൊരു യാസീനോതി പടച്ചവനോട് ദുആ ഇരക്കാൻ കഴിയാത്ത കഴിഞ്ഞ മൂന്നര വർഷത്തെയോർത്ത് യഹ്യക്ക് കുറ്റബോധം തോന്നി. അയാൾ കരഞ്ഞു. പിന്നെ കുറച്ചുകൂടി മുന്നോട്ടുനടന്ന് നെല്ലിമരത്തിൽനിന്ന് ഊഞ്ഞാലുപോലെ താഴേക്കുവളർന്ന വള്ളിപ്പടർപ്പിൽ ഇരുന്ന് വിളിച്ചുപറഞ്ഞു "അന്ത്യവിശ്രമം കൊള്ളുന്നവരേ... പരേതാത്മാക്കളേ... നിങ്ങൾക്കെൻെറ ചങ്ങാതിയുടെ കഥ പറഞ്ഞുതരാം, കേട്ടുകൊൾക".

"അയ്യൂബ് പഴയപള്ളിയിലെ മുക്രിയായിരുന്നു. പള്ളിഹൗളുകൾ വെള്ളം മുക്കിനിറക്കുന്ന കാലം മുതലുള്ള മുക്രി. പതിനൊന്നു വർഷം മുമ്പൊരു പുലർച്ചെ അദ്ദേഹം സുബ്ഹി ബാങ്ക് കൊടുക്കവേ പള്ളിയിലെ ശബ്ദക്കോളാമ്പി നിലച്ചുപോയി. അന്ന് പ്രാവുകൾ ബാങ്ക് തീരുംമുമ്പേ മിനാരത്തിലേക്ക് തിരിച്ചിറങ്ങി. വെളിച്ചംവെച്ചപ്പോൾ അയ്യൂബ് പള്ളിക്ക് മുകളിൽ കയറി ശബ്ദക്കോളാമ്പി പരിശോധിച്ചു. തൂക്കിക്കൊന്ന മനുഷ്യശരീരം കെട്ടഴിച്ചിറക്കുന്ന സൂക്ഷ്മതയോടെ വാതുറന്ന രൂപത്തിൽ മരിച്ച ആ ശബ്ദസാമഗ്രി നിലത്തിറക്കി. അതിൻെറ ഉരുണ്ടതല ഊരി മഴവെള്ളം കയറിയോയെന്ന് ഊതിനോക്കി.

അയ്യൂബിന് ഈവക കാര്യങ്ങളൊക്കെ അറിയാം. തൻെറ പന്ത്രണ്ടാമത്തെ വയസ്സിൽ നാട്ടിലെ കുറിക്കല്യാണത്തിന് ഗ്രാമഫോണിന് ചാവി കൊടുത്തുതുടങ്ങിയതാണ് ആ മനുഷ്യൻെറ ശബ്ദവുമായുള്ള ബന്ധം. പിന്നീട് കുറേക്കാലം ഒരു സൗണ്ട്സിലായിരുന്നു ജോലി. സൈക്കിൾ ഹാൻഡിലിൽ ഇരുഭാഗത്തുമായി രണ്ട് ശബ്ദക്കോളാമ്പി തൂക്കി, ബാറ്ററിപ്പെട്ടിയും ആംപ്ലിഫെയറും കാരിയറിൽ കെട്ടി അയ്യൂബ് കല്യാണപ്പുരകളിലേക്കും കുറിക്കല്യാണത്തിനും പാതിരാവയളിനും ആഞ്ഞുചവിട്ടി.

വട്ടത്തിൽ ചുറ്റിയെടുത്ത ഒരുകെട്ട് ചുവപ്പുവയർ ഇടതുതോളിൽ സദാ വിശ്രമിച്ചു. അങ്ങനെ ഇല്ലിക്കൽ അയ്യൂബ് പാട്ടയ്യൂബായി. ചാലിയത്തെ ഒരു കല്യാണവീട്ടിലെ പുഴയിലേക്ക് ചാഞ്ഞുവളർന്ന തെങ്ങിൽ കെട്ടിയ ശബ്ദക്കോളാമ്പിക്കുതാഴെ പാട്ടുകേൾക്കാനെത്തിയ ഉമ്മുസൽമ പാട്ടയ്യൂബിൻെറ ബീവിയായി. സ്വന്തമായൊരു സൗണ്ട്സ് തുടങ്ങണമെന്ന പാട്ടയ്യൂബിൻെറ ആഗ്രഹം നിറവേറ്റാൻ ഉമ്മുസൽമ പണം മിച്ചംവെച്ചു. എന്നാൽ, ഏറെ കഴിയുംമുമ്പ് മുളങ്കാടിന് നടുവിലെ ഒറ്റമുറിവീട്ടിൽ പാട്ടയ്യൂബിനെ തനിച്ചാക്കി ഉമ്മുസൽമ പോയി. ജ്വരം പിടിച്ചതായിരുന്നു. പാട്ടയ്യൂബ് വല്ലാതെ ഒറ്റപ്പെട്ടുപോയി. പിന്നീടാണ് അദ്ദേഹം നാട്ടിലെ പള്ളിയിൽ മുക്രിയായത്. ഉമ്മുസൽമ മിച്ചംവെച്ച പൈസക്ക് പള്ളിയിലേക്കൊരു ശബ്ദക്കോളാമ്പി വാങ്ങി അതിലൂടെ ബാങ്കുവിളിച്ച് തുടർക്കാലം കഴിച്ചുകൂട്ടി. അതാണിപ്പോൾ കേടായത്. തൻെറ അറിവിനുമപ്പുറമുള്ള കേടാണ്. അയ്യൂബ് നിസ്സഹായനായി. രാവിലെതന്നെ കോഴിക്കോടേക്ക് പുറപ്പെട്ടു. ഞെരിയാണിക്ക് മുകളിൽ വെള്ളക്കള്ളിമുണ്ടുടുത്ത തൊപ്പിയിട്ട താടിക്കാരൻ ശബ്ദക്കോളാമ്പിയുമായി ബസിൽ കയറിയപ്പോൾ ആളുകൾക്ക് കൗതുകം. അയ്യൂബ് എല്ലാവരോടും ചിരിച്ചു. ഉച്ചനമസ്കാരം കഴിഞ്ഞ് പട്ടാളപ്പള്ളിയിൽ നിന്ന് പുറത്തേക്കിറങ്ങിയപ്പോൾ ഒരു വണ്ടി പൊലീസ് വന്നുനിന്നു. നിരോധിത ഉപകരണം പിടികൂടാൻ കഴിഞ്ഞ ചാരിതാർഥ്യത്തോടെ അവർ അയ്യൂബിനെ കോളാമ്പിയടക്കം കൊണ്ടുപോയി. പിന്നീട് നീണ്ട ഏഴരവർഷം അദ്ദേഹം ജയിലിലായിരുന്നു. ആദ്യമാദ്യം ജാമ്യം ഇന്നുകിട്ടും നാളെ കിട്ടുമെന്നൊക്കെ മഹല്ല് കമ്മിറ്റി ഏർപ്പാടാക്കിയ വക്കീൽ പറഞ്ഞിരുന്നു. പിന്നീട് ഒന്നും കേൾക്കാതെയായി. പ്രായാധിക്യത്താൽ മരിച്ചു എന്ന അറിയിപ്പു ലഭിച്ചപ്പോൾ ഞാനും മഹല്ല് ഖത്തീബുമായിരുന്നു പോയത്. ജയിലിൻെറ പിൻവാതിലിലൂടെ മയ്യിത്ത് പുറത്തേക്കെടുത്തപ്പോൾ ജീവൻ പോയെന്ന് സമ്മതിക്കാതെ അയ്യൂബിൻെറ നീണ്ട വെള്ളത്താടി കാറ്റിലിളകി" യഹ്യ കഥ ചുരുക്കിപ്പറഞ്ഞു നിർത്തി. പിന്നെ ഒരു ദീർഘനിശ്വാസമെടുത്ത് കാടിൻെറ സ്വച്ഛതയിൽ അൽപനേരം കണ്ണടച്ചിരുന്നു. അയ്യൂബിൻെറ ഖബർ മാത്രമായി തിരയുന്നതിൽ അർഥമില്ലെന്ന് അയാൾക്കപ്പോൾ തോന്നി. ഓരോ മരണവും ഈരണ്ട് മരം നൽകിയാണ് ഒരു പള്ളിക്കാടുണ്ടാകുന്നത്. എന്നിട്ടവർ ആ വന്യതയിൽ സ്വസ്ഥമുറങ്ങുന്നു. യഹ്യ എല്ലാവർക്കും വേണ്ടി പ്രാർഥിച്ചു. താഴ്വരയിലെ പള്ളിയിൽനിന്ന് അസ്സമയത്തെ ഉച്ചത്തിലുള്ള ശബ്ദം കേട്ട് പെട്ടെന്ന് കുന്നിറങ്ങി.

പള്ളിയിൽ ആളുകൾ കൂടിയിരിക്കുന്നു. സർക്കാർ ഉദ്യോഗസ്ഥരും പൊലീസും ഒരു ബസ് നിറയെ പട്ടാളവുമുണ്ട്. അവർ പള്ളിയിലെ ശബ്ദസാമഗ്രികൾ പിടിച്ചെടുത്ത് ഒരു ജീപ്പിൽ നിറച്ചു. ജയിൽദിനങ്ങളിൽ നിത്യം റിപ്പയർ ചെയ്തിട്ടും നന്നാവാത്ത അയ്യൂബിൻെറ ശബ്ദക്കോളാമ്പിയും അക്കൂട്ടത്തിലുണ്ടായിരുന്നു. അത് ഉച്ചത്തിൽ ബാങ്ക് വിളിക്കുന്നത് യഹ്യ മാത്രം കേട്ടു. •

> ചാലിയത്തെ ഒരു കല്യാണവീട്ടിലെ പുഴയിലേക്ക് ചാഞ്ഞുവളർന്ന തെങ്ങിൽ കെട്ടിയ ശബ്ദക്കോളാമ്പിക്കുതാഴെ പാട്ടുകേൾക്കാനെത്തിയ ഉമ്മുസൽമ പാട്ടയ്യൂബിൻെറ ബീവിയായി

കവിത



# ദിനപത്രം

## വി.എച്ച്. നിഷാദ്

ഇതാ ഇന്നത്തെ
ദിനപത്രവും വന്നുകഴിഞ്ഞു
ഞാൻ അത് കൈയിലെടുത്ത്
പേജുകൾ ഓരോന്നായി മറിക്കാൻ തുടങ്ങി
മറിച്ചിട്ടും മറിച്ചിട്ടും തീരാത്ത താളുകൾ.
ഹോ, 50 പേജാണ് ഇന്നത്തെ പത്രം!

ഞാൻ പത്രത്തിലേക്ക്
സൂക്ഷിച്ചുനോക്കി.
പുകക്കണ്ണാടിയിലൂടെന്നവണ്ണം കലങ്ങിപ്പോയ,
ഒട്ടും മുറിവുകൂടാത്ത അക്ഷരങ്ങൾ

നോക്കി നോക്കി നിൽക്കേ
വാർത്തകൾ വേരുകൾ നഷ്ടപ്പെട്ട്
പതുക്കെ - പിന്നെ - വേഗത്തിൽ
താഴേക്കൂർന്നു പോവുന്നു

കാഴ്ച മങ്ങുന്നു...
ചിതറിയ വാർത്തകൾ ഇപ്പോൾ
കൈകൊണ്ടു തൊട്ടുനോക്കുകയാണ് ഞാൻ.
വിരലുകളിൽ കട്ടപിടിച്ച ചോരക്കറ.
മൂക്കിൽ കത്തിയ മാംസത്തിൻെറ മണം.

ഞാൻ ഇന്നത്തെ ദിനപത്രം
പലതായി കഷ്ണിക്കുന്നു

കുറച്ച് മസാല കൂടി ചേർത്ത്
ചട്ടിയിലിട്ട് വറുത്താൽ
ഇന്നത്തേക്കിനി മറ്റൊന്നും വേണ്ട.

കുറച്ചു വെള്ളവും ചേർക്കാം,
വയറും കത്തരുതല്ലോ!..



പുസ്തകം





### ദേശപ്പെരുമ: യു.എ. ഖാദറിൻെറ സാഹിത്യജീവിതം

**എഡി: പ്രതാപൻ തായാട്ട്**
**പേജ്: 434, വില: 360.00**
**ഹരിതം ബുക്സ്**

തൃക്കോട്ടൂരെന്ന ദേശത്തിൻെറ കഥകളെഴുതി വായനക്കാർക്ക് പുതിയൊരു ഭൂമിക സമ്മാനിച്ച യു.എ. ഖാദറിൻെറ സാഹിത്യജീവിതത്തെ സമഗ്രമായി വിലയിരുത്തുന്ന പുസ്തകം. പ്രമുഖരുടെ ലേഖനങ്ങളും യു.എ. ഖാദറുമായി നടത്തിയ അഭിമുഖങ്ങളും അപൂർവ ചിത്രങ്ങളും ഉൾപ്പെടുത്തിയിരിക്കുന്നു.



### കല്യാശ്ശേരി തീസിസ്

**അബിൻ ജോസഫ്**
**പേജ്:109 വില: 100.00**
**ഡി.സി ബുക്സ്**

പുതുകാലത്തിൻെറ എഴുത്തുകാരെ പരിചയപ്പെടുത്തുന്ന ഡി.സിയുടെ കഥാഫെസ്റ്റിൽ ഉൾപ്പെടുത്തി പ്രസിദ്ധീകരിച്ച കഥാസമാഹാരം. കല്യാശ്ശേരി തീസിസ്, 100 മില്ലി കാവ്യജീവിതം, ഒ.വി. വിജയൻെറ കാമുകി, പ്രതിനായകൻ തുടങ്ങിയ എട്ട് കഥകൾ.



### താരുണ്യത്തിൻെറ കഥാന്തരങ്ങൾ

**എഡി: ശ്രീജിത് പെരുന്തച്ചൻ**
**പേജ്: 112 വില: 95**
**ചിന്ത പബ്ലിഷേഴ്സ്**

മലയാളത്തിൻെറ പ്രിയ എഴുത്തുകാരികളായ കെ.ആർ. മീര, ഇന്ദു മേനോൻ, സിതാര. എസ്, കെ. രേഖ, എ.പി.ജ്യോതിർമയി എന്നിവരുടെ കഥകളും അവരുടെ കഥകളെക്കുറിച്ചുള്ള പഠനങ്ങളും.



### ബിരിയാണി

**സന്തോഷ് ഏച്ചിക്കാനം**
**പേജ്: 104 വില: 90**
**ഡി.സി. ബുക്സ്**

സമീപകാലത്ത് ഏറെ ചർച്ച ചെയ്യപ്പെട്ട ബിരിയാണി എന്ന രചന ഉൾപ്പെടെ ഏഴ് കഥകളുടെ സമാഹാരം. കേരളീയ ജീവിതത്തിൻെറ നേർകാഴ്ചകളും സാമൂഹിക യാഥാർഥ്യങ്ങളും ഒന്നിക്കുന്ന ശക്തമായ കഥകൾ. നാഗരികതക്ക് മുന്നിൽ കിതക്കുന്ന മനുഷ്യരെ ഈ കഥകളിൽ കാണാം.



### മൃത്യുയാനം

**കെയ്റ്റ് മോസസ് വിവ: ജോളി വർഗീസ്**
**പേജ്: 398 വില: 325.00**
**ഡി.സി ബുക്സ്**


ഹ്രസ്വമായ ജീവിതകാലത്തിനുള്ളിൽ സാഹിത്യവിസ്മയങ്ങൾ തീർത്ത സിൽവിയ പ്ലാത്തിൻെറ ജീവിതം പ്രമേയമാക്കുന്ന നോവൽ. അവരുടെ ജീവിതത്തിൻെറ യഥാർഥമായ വിവരണം അനുപമസുന്ദരമായ ഗദ്യത്തിൽ ഈ നോവലിൽ നിറയുന്നു.



### നീലനദിക്കും ചെംമരങ്ങൾക്കും ഇടയിലൂടെ

**വി.ആർ. സന്തോഷ്**
**പേജ്: 66 വില: 60.00**
**നാഷനൽ ബുക്സ്റ്റാൾ**


പ്രണയത്തെയും വിരഹത്തെയും ഏകാന്തതയെയും പ്രമേയമാക്കിയ കവിതകളുടെ സമാഹാരം. ഒരേ ദൂരങ്ങൾ, ആമിനയും മജീദും, പെൺനിൽപ്, പറക്കുന്ന കണ്ണുനീർതുള്ളി തുടങ്ങി 24 കവിതകൾ. സാവിത്രി രാജീവിൻെറ പഠനം.



### ഒറ്റയ്ക്കൊരാൾ കടൽ വരയ്ക്കുന്നു

**ആർ. സംഗീത**
**പേജ്: 102 വില: 100.00**
**ഡി.സി ബുക്സ്**

ത്രേസ്യക്ക് തണുക്കുന്നു, ഡെത്ത് പോർട്രെയ്റ്റ്, കവിത എഴുതുന്നവളെ പ്രണയിക്കുമ്പോൾ തുടങ്ങി 38 കവിതകളുടെ സമാഹാരം. എം.ആർ. രേണുകുമാറിൻെറ അവതാരിക.



### മന്ദബുദ്ധികളുടെ സ്വർഗം

**എ.കെ. ശശി വെട്ടിക്കവല**
**പേജ്: 64 വില: 60.00**
**യെസ്പ്രസ് ബുക്സ്**

നാം കാണേണ്ട കാഴ്ചകളിലേക്ക് കണ്ണു തുറന്നുപിടിക്കുന്ന ലേഖനങ്ങൾ. നിത്യജീവിതത്തിൽ ഓരോരുത്തരും അറിഞ്ഞിരിക്കേണ്ടവയെക്കുറിച്ചാണ് ഈ ലേഖനങ്ങൾ സംവദിക്കുന്നത്.

സിനിമ



• 'പതിനൊന്നാം സ്ഥല'ത്തിലെ രംഗം

# വയനാട് ചുരത്തിലെ മൂന്നു യാത്രകൾ

## ഐ. ഗോപിനാഥ്

ഒരുവശത്ത് വയനാടിൻെറ പ്രകൃതി സൗന്ദര്യത്തെ കച്ചവടവത്കരിക്കാനെത്തുന്ന ടൂറിസം സംരംഭകർ, മറുവശത്ത് പുഴുക്കളെപ്പോലെ ജീവിക്കുന്ന മണ്ണിൻെറ മക്കളായ ആദിവാസികൾ... ഇവർക്കുവേണ്ടി ടാക്സിയോടിച്ച ഒരു ഡ്രൈവറുടെ മാനസിക വ്യാപാരങ്ങളിലൂടെ സമകാലിക കേരളം നേരിടുന്ന ഏറ്റവും രൂക്ഷമായ ഒരു വിഷയത്തിലേക്കാണ് കേരളീയം മാസിക തയാറാക്കിയ 'പതിനൊന്നാം സ്ഥലം' എന്ന സിനിമ വിരൽചൂണ്ടുന്നത്. ഒരുദിവസം വയനാട് ചുരത്തിലൂടെയുള്ള ഒരു കാറിൻെറ മൂന്ന് യാത്രകളാണ് റോഡ് മൂവി ശൈലിയിൽ ചിത്രീകരിച്ചിരിക്കുന്ന ഈ സിനിമയുടെ പ്രമേയം.

ഒരു ദുഃഖവെള്ളി ദിവസമാണ് കഥ നടക്കുന്നത്. കുരിശിൻെറ വഴി തീർഥാടനത്തിൽ പങ്കെടുക്കേണ്ടിയിരുന്ന ജെയിംസ് എന്ന ടാക്സി ഡ്രൈവർക്ക് പെട്ടെന്ന് ഒരോട്ടം ലഭിക്കുന്നു. സുഹൃത്തായ സ്ഥലം ബ്രോക്കറുടെ കൂടെ ഒരു ടൂറിസം സംരംഭകനുമായി വയനാട്ടിലേക്ക് പോകുക എന്നതാണത്. പെട്ടെന്ന് പള്ളിയിലേക്ക് തിരിച്ചുവരാമെന്ന് കുടുംബത്തിന് വാക്കുകൊടുത്താണ് അയാൾ വണ്ടിയുമായി പോകുന്നത്. വർഷങ്ങൾക്കു മുമ്പേ തെക്കുനിന്ന് കുടിയേറിയെത്തിയ ബ്രോക്കറുടെ വിവരണത്തോടെ വയനാടിൻെറ പ്രകൃതിഭംഗി മുഴുവൻ സംരംഭകൻ ഒപ്പിയെടുത്ത് അപ്പപ്പോൾ അപ്‌ലോഡ് ചെയ്യുന്നുണ്ട്. ഇടക്കിടെ അതിനായി നിർത്തുന്നതിനാൽ അക്ഷമനാണ് ജെയിംസ്. എങ്കിലും, ഈ സംരംഭം വിജയിച്ചാൽ തനിക്കും നേട്ടമുണ്ടാകുമെന്നതിനാൽ ക്ഷമയോടെയാണ് അയാൾ കാറോടിക്കുന്നത്. പ്രകൃതി കനിഞ്ഞനുഗ്രഹിച്ച ലക്ഷ്യത്തിലവരെ എത്തിച്ചശേഷം പള്ളിയിലേക്കു തിരിക്കുന്ന ജെയിംസിനെ കാത്തിരുന്നത് തികച്ചും വ്യത്യസ്തമായ മറ്റൊരു ദൗത്യമായിരുന്നു. പ്രാഥമിക ചികിത്സപോലും ലഭിക്കാതെ അത്യാസന്ന നിലയിലായ ആദിവാസി വൃദ്ധനുമായി കോഴിക്കോട് മെഡിക്കൽ കോളജിലേക്ക് പോകുക എന്നതായിരുന്നു അത്. പള്ളിയിൽ കാത്തിരിക്കുന്ന കുടുംബത്തെ ഓർത്ത് ആദ്യമതിന് തയാറായില്ലെങ്കിലും ജെയിംസിലെ മനുഷ്യത്വം അവസാനം ആ ദൗത്യം ഏറ്റെടുക്കുകയായിരുന്നു. ചുരം കയറുമ്പോൾ ടൂറിസം നിക്ഷേപത്തിലൂടെ വയനാടിൻെറ പ്രകൃതിയെ എങ്ങനെ ചൂഷണം ചെയ്യാമെന്നതിൻെറ വിശദീകരണങ്ങൾക്കും പ്രതീക്ഷയോടെയുള്ള മുഖഭാവങ്ങൾക്കുമാണ് ജെയിംസ് സാക്ഷ്യം വഹിച്ചതെങ്കിൽ തിരിച്ചിറങ്ങുമ്പോൾ തികച്ചും വ്യത്യസ്തമായ ഒരു ലോകമായിരുന്നു അയാൾക്കു മുന്നിൽ തുറന്നത്. ഇത്രയടുത്ത് ജീവിച്ചിട്ടും വയനാടൻ മണ്ണിൻെറ യഥാർഥ അവകാശികളായ ആദിവാസിജനതയുടെ ദുരന്തജീവിതം തനിക്ക് അജ്ഞാതമായിരുന്നു എന്നയാൾ തിരിച്ചറിയുന്നുണ്ട്. ഒപ്പം തോട്ടംമേഖലയിലെ പ്രശ്നങ്ങളും. ബ്രിട്ടീഷുകാർ സ്ഥാപിച്ച ഏകവിളത്തോട്ടങ്ങളും ഉപജീവനം തേടി മലകയറിയെത്തിയ കുടിയേറ്റ ജനതയും പ്രകൃതിരമണീയതക്ക് വിലയിടാനെത്തുന്ന ടൂറിസം സംരംഭകരും ഒരുപോലെ അദൃശ്യരാക്കിയ ഒരു സമൂഹത്തെ അയാൾ അപ്പോഴാണ് മനസ്സിലാക്കുന്നത്. ഈ കഥകളൊന്നും സംരംഭകർ അറിയുന്നില്ല. അറിഞ്ഞാലും ഒരു ഗുണവുമില്ല. അവിചാരിതമായാണ് ആ യാഥാർഥ്യങ്ങൾ അയാൾക്കുമുന്നിലെത്തിയത്. കാറിൻെറ പിൻസീറ്റിൽ നിന്നുയരുന്ന അവസാന ശ്വാസങ്ങൾ അയാളെ അസ്വസ്ഥനാക്കുന്നു.

വഴിനീളെയുള്ള കുരിശിൻെറ വഴികളിലെ ക്രൂശിക്കപ്പെട്ട ക്രിസ്തുവിൻെറ രൂപവും അയാളെ അസ്വസ്ഥനാക്കുന്നുണ്ട്. ആദിവാസി വൃദ്ധൻെറ മരണവും മൃതദേഹം സംസ്കരിക്കാൻ കഴിയാത്ത അവസ്ഥയും അയാളെ തളർത്തുന്നു. തന്നെ കാത്തിരിക്കുന്നവരെ മറന്ന് മൃതദേഹവുമായി ഒരിക്കൽക്കൂടി ചുരം കയറാൻ അയാൾ തയാറാകുന്നു.

ഒരു കയറ്റവും ഒരിറക്കവും ചിത്രീകരിക്കുന്നതിലൂടെ സമകാലിക കേരളത്തിൻെറ, പ്രത്യേകിച്ച് വയനാടിൻെറ വർത്തമാനചിത്രമാണ് സിനിമ വരച്ചുകാട്ടുന്നത്. അതിനായി കാര്യമായ വാചക കസർത്തുകളോ അമിതാഭിനയമോ രാഷ്ട്രീയ പ്രസംഗങ്ങളോ സിനിമയിൽ കാണുന്നില്ല. വളരെ ലളിതമായ ശൈലിയാണ് സംവിധായകൻേറത്. വീണ്ടും മൃതശരീരവുമായി ചുരം കയറുന്ന അയാൾ തീർച്ചയായും തിരിച്ചിറങ്ങും. അപ്പോൾ അയാൾ ഒറ്റക്കായിരിക്കും. എന്തായിരിക്കുമപ്പോൾ അയാളുടെ ചിന്തകൾ എന്നത് സംവിധായകൻ പ്രേക്ഷകർക്കു വിടുകയാണ്.

കേരളീയം കലക്ടിവിൻെറ ബാനറിൽ അശോകൻ നമ്പഴിക്കാട് നിർമിച്ച 'പതിനൊന്നാം സ്ഥലം' രഞ്ജിത്ത് ചിറ്റാടെയാണ് സംവിധാനം ചെയ്തത്. കഥ: എസ്. ശരത്, തിരക്കഥ/സംഭാഷണം: കെ. സജിമോൻ, ഛായാഗ്രഹണം: നിജയ് ജയൻ. ജിതിൻരാജ്, പി.ടി. മനോജ്, മംഗ്ലു ശ്രീധർ, ചന്ദ്രൻ, കെ.എൻ. പ്രശാന്ത്, പ്രേംകുമാർ, സനൽ മാനന്തവാടി തുടങ്ങിയവരാണ് അഭിനേതാക്കൾ. തീർത്തും പുതുമുഖങ്ങളായ അണിയറപ്രവർത്തകരും അഭിനേതാക്കളും അണിനിരന്ന ഈ സിനിമ വലിയ സാങ്കേതിക സംവിധാനങ്ങളൊന്നുമില്ലാത്ത രീതിയിൽ വളരെ കുറഞ്ഞ ചെലവിലാണ് തയാറാക്കിയത്. •

> ഒരു കയറ്റവും ഒരിറക്കവും ചിത്രീകരിക്കുന്നതിലൂടെ സമകാലിക കേരളത്തിൻെറ, പ്രത്യേകിച്ച് വയനാടിൻെറ വർത്തമാനചിത്രമാണ് സിനിമ വരച്ചുകാട്ടുന്നത്


↑ രാഗ് റസാഖ്
● ഫോട്ടോ: പി. അഭിജിത്ത്

# വേദനകൾ എന്നെ ഗായകനാക്കി

**കോഴിക്കോട്ടെ സംഗീത രാവുകളിൽ നിറഞ്ഞുനിന്ന രാഗ് റസാഖ് പിൽക്കാലത്ത് സംഗീതം വാണിജ്യവത്കരിക്കുന്നതിൽ പ്രതിഷേധിച്ച് മൗനത്തിലേക്ക് പിൻവാങ്ങി. അദ്ദേഹത്തെ തിരിച്ചറിഞ്ഞവർ 20 വർഷത്തിനുശേഷം കോഴിക്കോട് ടൗൺ ഹാളിലൊരുക്കിയ ആദരചടങ്ങിൽ അദ്ദേഹം വീണ്ടും പാടി**

ജീവിതം

**ബച്ചു ചെറുവാടി**

കോഴിക്കോട് മുഖദാറിലെ ഒരൊഴിഞ്ഞ കോണിൽ ഗുഹാസമാനമായ കൊച്ചുമുറിയിൽ രാഗ് റസാഖ് എന്ന ഹിന്ദുസ്ഥാനി ഗായകൻ ബാഹ്യകോലാഹലങ്ങളിൽനിന്നെല്ലാം ഒഴിഞ്ഞുമാറി സംഗീതത്തെ പ്രണയിച്ചും രാഗങ്ങളോട് സ്നേഹപൂർവം കലഹിച്ചും ജീവിക്കുന്നു. വഴിതേടിപ്പിടിച്ച് അവിടെയെത്തുമ്പോൾ എന്നെ കാത്തിരിക്കുകയായിരുന്നു ഉസ്താദ്. ആദ്യമായാണ് ഞാൻ അദ്ദേഹത്തെ കാണുന്നത്. വെളുത്ത താടിയുള്ള, കണ്ണുകളിൽ സ്നേഹത്തിൻെറ നിലാവ് മേയുന്ന അറുപത്തേഴുകാരൻ.

'കോഴിക്കോട്ടെ പഴയ ഒരുവിധപ്പെട്ട ഗായകരുമായൊക്കെ എനിക്കടുപ്പമുണ്ട്. ഇത്രകാലമായിട്ടും നാം എങ്ങനെ പരിചയപ്പെടാതെ പോയി, താങ്കൾ പുറത്തെവിടെയെങ്കിലുമായിരുന്നോ ദീർഘകാലം?' -ഞാൻ ചോദിച്ചു. 'ഞാൻ ഇവിടെത്തന്നെയുണ്ടായിരുന്നു. പുറംലോകവുമായി വലിയ അടുപ്പം... എനിക്കതിൽ താൽപര്യമുണ്ടായിരുന്നില്ല'.

വേണ്ടത്ര വെളിച്ചമില്ലാത്ത കൊച്ചുമുറി. കിടക്ക. കുറച്ചു കസേരകൾ. പുസ്തകങ്ങൾ. കസേരയിലൊന്നിൽ ചെറിയ സിംഗ്ൾ റീഡ് പെട്ടി. ഹിന്ദുസ്ഥാനി രാഗങ്ങളിൽ അഗാധ ജ്ഞാനമുള്ള മനുഷ്യൻ. 1966 മുതൽ കോഴിക്കോട്ടെ സംഗീതവേദികളിൽ സ്ഥിരസാന്നിധ്യം. ഒരുകാലത്ത് ആകാശവാണിയിൽ നിറഞ്ഞുനിന്ന ഗായകൻ. ആയിരത്തിലേറെ ഉർദു കവിതകൾ പാട്ടുകളായി ചിട്ടപ്പെടുത്തിയ പ്രതിഭ. ഹിന്ദുസ്ഥാനി രാഗങ്ങളിലുള്ള അപാര ജ്ഞാനം കാരണം നാട്ടുകാർ ചാർത്തിക്കൊടുത്ത പേര് -രാഗ് റസാഖ്.

സംഗീതം കച്ചവടമാവുകയും അർഹതയില്ലാത്തവരെല്ലാം പാട്ടുകാരായി വിലസുകയും ചെയ്യുന്നത് കണ്ടപ്പോൾ മനംമടുത്ത് റസാഖ് കോഴിക്കോട്ടെ മുഖ്യധാരയിൽനിന്ന് പതുക്കെ പിൻവലിയുകയായിരുന്നു. ലോകം ഈ കൊച്ചുമുറിയായി. പിന്നെ യാത്രകൾ. ആത്മാവിൻെറ ശാന്തിതേടിയുള്ള അലച്ചിലുകൾ. അവ എത്തിപ്പെട്ടത് സൂഫി ആശയങ്ങളോടുള്ള അനുരാഗത്തിൽ.

റൂമിനു പുറത്ത് മതിലിനോട് ചേർന്ന് പ്രാവിൻകൂടുകൾ. അതിൽ കുറുകുകയും കൊക്കുരുമ്മി പ്രണയിക്കുകയുമൊക്കെ ചെയ്യുന്ന പലതരത്തിലുള്ള ഒട്ടേറെ പ്രാവുകൾ. ആ ഭാഗത്തേക്ക് കണ്ണുകൾ പോയപ്പോൾ അദ്ദേഹം പറഞ്ഞു. 'ഞാൻ വളർത്തുന്നതാ... പ്രാവുകൾ ഉത്കൃഷ്ടരായ ജീവികളാണ്. സ്നേഹവും പ്രണയവും കുടുംബജീവിതവുമൊക്കെ നാം അവരിൽനിന്ന് കണ്ടുപഠിക്കണം. പ്രവാചകൻ പ്രാവുകളെ ഏറെ സ്നേഹിക്കുകയും വളർത്തുകയും ചെയ്തിരുന്നു'.

'താങ്കളുടെ പാട്ടുകേൾക്കാൻ എനിക്ക് ഭാഗ്യമുണ്ടായിട്ടില്ല. ഒരു പാട്ടുകേട്ടതിനുശേഷം സംസാരം തുടങ്ങിയാലോ?' -ഞാൻ ചോദിച്ചു. 'തീർച്ചയായും അങ്ങനെത്തന്നെയാണ് വേണ്ടത്'-അദ്ദേഹം ഹാർമോണിയം എടുത്ത് മുന്നിലേക്കുവെച്ചു. 'ഷാനേ തേരീ ജല്ല ജഗാഹും...' അദ്ദേഹം പാടാൻ തുടങ്ങി. ബിഹാരി രാഗത്തിലെ ഭജൻ ആയിരുന്നു അത്. ആ ഗായകൻെറ മനസ്സുണർന്നു. ബിഹാരി രാഗത്തിൻെറ പ്രത്യേകതകൾ പറഞ്ഞുതന്നു. മലയാളത്തിൽ ധാരാളം പാട്ടുകൾ ഈ രാഗത്തിൽ പിറന്നിട്ടുണ്ട്. ബാബുരാജിൻെറ 'എൻ പ്രാണനായകനെ എന്തുവിളിക്കും, എങ്ങനെ ഞാൻ നാവെടുത്തു പേരുവിളിക്കും...' ഉദാഹരണം.

ഹാർമോണിയത്തിൽ ശ്രുതിയിട്ടുകൊണ്ടുതന്നെ അദ്ദേഹം തൻെറ കഥകൾ പറഞ്ഞുതുടങ്ങി. മുഖദാറിൽ സ്രാമ്പിയക്കൽ മറിയംബിയുടെയും ഉസ്മാൻെറയും മകനായി ജനിച്ചു. കുട്ടിക്കാലത്തുതന്നെ സംഗീതം പിന്നാലെ ഉണ്ടായിരുന്നു. 'തൊട്ടിലിൽ കിടക്കുന്ന എനിക്ക് ഉമ്മയാണ് അതു പകർന്നുതന്നത്. ഹസ്ബീ റബ്ബീ ജല്ലല്ലാ... മാഫീ ഖൽബീ ഖൈറുല്ലാ... എന്ന താരാട്ടുപാട്ടിലൂടെ. ബാബുരാജ് ആ പാട്ട് സിനിമയിൽ കൊണ്ടുവരുന്നതിനുമുമ്പേ എൻെറ ഉമ്മ അത് അവരുടെതായ രീതിയിൽ, വരികളിൽ എനിക്കു പാടിത്തന്നിരുന്നു. സി.എ. അബൂബക്കർ എന്ന വലിയ ഗായകനാണ് എന്നെ സംഗീതത്തിലേക്ക് വലിച്ചടുപ്പിച്ചത്. അദ്ദേഹത്തിൻെറ സ്വരമാധുരിയും അപാരമായ സിദ്ധിയും എന്നെ വിസ്മയിപ്പിച്ചു. ഒരു നിഴൽപോലെ ആ മഹാഗായകനെ ഞാൻ പിന്തുടർന്നു. പിന്നെ ബാബുരാജ്, എസ്.എം. കോയ, കോഴിക്കോട് അബ്ദുൽഖാദർ... പ്രതിഭകളുടെ മഹാസാഗരംതന്നെയായിരുന്നു അന്ന് കോഴിക്കോട്. മുംബൈയിൽനിന്ന് സംഗീതത്തെ പ്രണയിച്ച് നാടുവിട്ട സംഗീതജ്ഞൻ ശരത്ചന്ദ്ര മറാഠേയും കോഴിക്കോട്ടെത്തിയിരുന്നു. എല്ലാവരും ഹിന്ദുസ്ഥാനി സംഗീതത്തെ ഹൃദയത്തിലേറ്റിയവർ.

രാഗങ്ങൾകൊണ്ട് ഇന്ദ്രജാലം കാണിക്കുന്ന മഹാമാന്ത്രികനായിരുന്നു ബാബുരാജ്. യെമൻ കല്യാണിലും ദേശ് രാഗത്തിലുമൊക്കെ അദ്ദേഹം തീർത്ത മനോഹര ഈണങ്ങൾ അമൃതിനു തുല്യമാണ്. ഹാർമോണിയത്തിൽ അനായാസം വിരലുകൾ ഓടിച്ച് കണ്ണുകളടച്ച് റസാഖ് പാടുന്നു -'തളിരിട്ട കിനാക്കൾതൻ താമരമാല വാങ്ങാൻ...' എത്ര ഹൃദ്യമാണ് ആ ഗാനം. 'ഈറനുടുത്തുകൊണ്ടമ്പരം ചുറ്റുന്ന...', 'നദികളിൽ സുന്ദരി യമുനാ...' ഇങ്ങനെയെത്രയോ ലളിത സുന്ദരഗാനങ്ങൾ കല്യണിൽ ബാബുരാജ് ഒരുക്കി. ദേശ് രാഗത്തിലുള്ള അദ്ദേഹത്തിൻെറ 'ഒരുപുഷ്പം മാത്രമെൻ പൂങ്കുലയിൽ നിർത്താം ഞാൻ...' പ്രപഞ്ചമുള്ളിടത്തോളം ഈ ഗാനങ്ങൾ ജീവിക്കും.

ഈ സംഗീതചക്രവർത്തിമാർ ഒരുമിക്കുന്ന സദസ്സിൽ കുട്ടിയായ ഞാൻ പോകും. പാട്ടുകേട്ടിരിക്കും. മുഹമ്മദ് റഫിയുടെ പാട്ടുകൾ എന്നെ ഉന്മാദിയാക്കി. സംഗീതത്തിൻെറ വിശാലമായ ആരാമമാണ് റഫി. പലയിടങ്ങളിൽനിന്നായി സംഗീതം കുറെ സ്വായത്തമാക്കി. എം.എം ഹൈസ്കൂളിൽ ഹിന്ദി അധ്യാപകനായ രാഘവ്ജി. അദ്ദേഹത്തിൽനിന്നാണ് ഉർദു പഠിച്ചത്. ധാരാളം ഉർദുകവിതകൾ അദ്ദേഹം പറഞ്ഞുതരും. ആ കാലത്ത് ഞാൻ പരിചയപ്പെട്ട കണ്ണൂർ സ്വദേശി പ്രഫ. അബ്ദുൽ ഖാദർ നല്ല സംഗീതജ്ഞനായിരുന്നു. അദ്ദേഹത്തിൽനിന്ന് ധാരാളം അറിവു ലഭിച്ചു. പിന്നെ നടേശ് ഭാഗവതർ, മറാഠേ അങ്ങനെ ഒത്തിരി പേരിൽനിന്നായാണ് സംഗീതം സ്വീകരിച്ചത്.

ഒരു കാലത്ത് കോഴിക്കോട്ടെ ഗാനമേളകളിലും കലാപ്രവർത്തനങ്ങളിലും സജീവമായിരുന്നു ഞാൻ. കല്യാണവീടുകളിലും പൊതുവേദികളിലും ധാരാളം പരിപാടി നടത്തി. മുംബൈയിൽനിന്നും മറ്റും ഒട്ടേറെ ഗായകരെ കൊണ്ടുവന്നു പാടിച്ചു. തൃപ്പൂണിത്തുറയിൽ നടന്ന അഖിലകേരള റഫി സംഗീത മത്സരത്തിൽ ഒന്നാം സ്ഥാനം നേടി. റഫിയുടെ രണ്ട് സെമി ക്ലാസിക്കൽ ഗാനങ്ങൾ 'മധുപന് മെരാ..', 'മന് തെര്പത്' എന്നിവ മാത്രമേ പാടാവൂ എന്നായിരുന്നു നിബന്ധന.

പിന്നെ എല്ലാം നിർത്തി. സംഗീതം കച്ചവടം മാത്രമായി മാറുന്നത് കണ്ടപ്പോൾ മടുത്ത് പിൻവലിഞ്ഞു. കുട്ടിക്കാലത്തേ, അംഗീകരിക്കാനാവാത്ത അനാവശ്യസമ്പ്രദായങ്ങളോട് ഇടഞ്ഞുനിൽക്കുക എന്നത് എൻെറ സ്വഭാവമായിരുന്നു. ഈ 'ധിക്കാരം' അധികരിച്ചപ്പോൾ വീട്ടിൽനിന്ന് ഇറങ്ങിപ്പോരേണ്ടിവന്നു. കുടുംബപരവും മതപരവുമൊക്കെയായ അഭിപ്രായ വ്യത്യാസങ്ങൾ അതിലുണ്ടായിരുന്നു. പിന്നെ സംഗീതം മാത്രമായി കൂടപ്പിറപ്പ്.

മനസ്സുനിറയെ അസ്വസ്ഥതകളായിരുന്നു. സ്വന്തക്കാർപോലും സ്വാർഥരാവുകയും അകലുകയുമൊക്കെ ചെയ്തപ്പോൾ ഞാൻ ഒറ്റക്കായി. പക്ഷെ, എനിക്കെൻെറ സംഗീതമുണ്ടായിരുന്നു കൂട്ടായിട്ട്. ഉമ്മ താരാട്ടുപാട്ടിലൂടെ എനിക്കേകിയ സംഗീതം. വരാനിരിക്കുന്ന എൻെറ ഒറ്റപ്പെടലുകൾ മുൻകൂട്ടിക്കണ്ട് ഉമ്മ നൽകിയ വരദാനമായിരുന്നുവോ ആ സംഗീതമെന്ന് ഞാൻ ആലോചിക്കാറുണ്ട്. എൻെറ വേദനകളും പ്രയാസങ്ങളുമാണ് എന്നെ പാട്ടുകാരനാക്കിയത്. അതുകൊണ്ടുതന്നെ എൻെറ വേദനകളോടും എന്നെ വേദനിപ്പിച്ചവരോടും ഞാൻ കടപ്പെട്ടിരിക്കുന്നു.

അലച്ചിലുകളായിരുന്നു പിന്നീടുള്ള കാലം. സമാധാനംതേടിയുള്ള അലച്ചിലുകൾ. അനാവശ്യമായ കെട്ടുപാടുകൾ, ദുരാഗ്രഹങ്ങൾ എല്ലാം മടുപ്പുളവാക്കി. ഹൈദരാബാദിലും മുംബൈയിലുമൊക്കെ ചുറ്റിനടന്നു. സൂഫി ആശയങ്ങളോട് അടുപ്പമുണ്ടായി. മനുഷ്യരെല്ലാം ഒരു മഹാശക്തിയുടെ മക്കൾ. ആ അടിസ്ഥാന സത്യം മനസ്സിലാക്കിയാൽ അഹങ്കാരമില്ല. ഒറ്റപ്പെട്ട് ദിശയേതെന്നറിയാതെ നിരാശബാധിച്ച് അലയുന്നവനല്ല യഥാർഥ സൂഫി. അവൻ ദൈവത്തിൻെറ മഹത്ത്വം തിരിച്ചറിയുന്നു. നല്ല സംഗീതം തിരിച്ചറിയുന്നു. സംഗീതം പ്രകൃതിയാണ്. പ്രകൃതി ദൈവമാണ്. അത് തിരിച്ചറിയുമ്പോൾ മനുഷ്യൻ അഹങ്കാരം കുടഞ്ഞെറിഞ്ഞ് സ്നേഹവും ആനന്ദവും കണ്ടെത്തുന്നു'.

രാഗ് റസാഖ് സ്നഹപൂർവം എന്നെ നോക്കി. വിരലുകൾ ഹാർമോണിയത്തിൻെറ കട്ടകളിൽ വീണ്ടും ഒഴുകിനടന്നു. അദ്ദേഹം പാടി -'ഏക് ഹീ ബാത് സമാനോം കീ കിതാബോം മേം നഹി... ജോ ഗമേം ദോസ്ത് മേം നശാഹെ ശരാബോം മെം നഹി... ഗ്രന്ഥങ്ങളിൽനിന്ന് പഠിച്ചെടുക്കാവുന്നതല്ല പ്രണയത്തിൻെറ അനുഭൂതി, പ്രിയപ്പെട്ടവൻ നൽകുന്ന വേദനയിൽനിന്നുള്ള അനുഭൂതിയാണത്. വീഞ്ഞിനുപോലും നൽകാനാവാത്ത ആനന്ദമാണത്'.

ഭാര്യയും ഒരു മകളുമുള്ള കുടുംബം. മകൾ റൈസാബീഗം ഗായികയാണ്. ജീവിതത്തിൽ വലിയ വലിയ മോഹങ്ങൾ ഈ ഗായകൻ പേറിനടക്കുന്നില്ല. ഒരു കൊച്ചുവീട് വേണം. ചെറിയൊരു കച്ചവടം തുടങ്ങണം. പറ്റുന്ന രീതിയിൽ പാവങ്ങളെ സഹായിക്കണം. സംഗീതത്തിൽ നടത്തിക്കൊണ്ടിരിക്കുന്ന അന്വേഷണം തുടരണം. നല്ല കുറച്ച് ശിഷ്യരെ വാർത്തെടുക്കണം, സംഗീതത്തെ ഭക്തിയോടെ കാണുന്ന കുറച്ചു പേരെയെങ്കിലും. 'വൃക്ഷം മൃതിയടയുമ്പോൾ ചുവട്ടിൽ കുറച്ചു തൈകളെങ്കിലും വേണം, അല്ലേ?' -നിഷ്കളങ്കമായ പുഞ്ചിരിയോടെ ആ വലിയ ഗായകൻ എന്നെ നോക്കി. ആ കണ്ണുകളിൽ വിഷാദമോ, പ്രകാശമോ? എനിക്കത് തിരിച്ചറിയാനായില്ല.


↑ രാഗ് റസാഖ്

**ഖത്തറിൽ പൂച്ചകൾക്ക് താമസിക്കാനായി മാത്രം ഒരു നക്ഷത്രഹോട്ടലുണ്ട്. ആശ ഹുമൈദിയുടെ കാറ്ററി കാറ്റ് ഹോട്ടൽ. പൂച്ചകൾക്കുവേണ്ടി ഇവിടെ വിവിധ കാറ്റഗറിയിലുള്ള സ്യൂട്ടുകളാണുള്ളത്. സുഖസൗകര്യങ്ങൾ കൂടുന്നതിനനുസരിച്ച് വാടക കൂടും എന്നുമാത്രം**

# പൂച്ചക്കൊരിടം

കൗതുകം


● ഫോട്ടോ: സാലി ചങ്ങന്നൂർ
● പൂച്ചയെ പരിചരിക്കുന്ന ആശ ഹുമൈദി

**ഭരതന്നൂർ ഷമീർ**

ഖത്തരികൾക്ക് പൂച്ചകളോടുള്ള പ്രിയം പ്രശസ്തമാണ്. അതിൻെറ തെളിവായി അടുത്ത കാലത്ത് നടന്ന ഒരു സംഭവം പരാമർശിക്കാം. തൻെറ നഷ്ടപ്പെട്ടുപോയ വളർത്തുപൂച്ചയായ 'ഡാഡോ'യെ തിരിച്ചുകിട്ടാൻ ഒരു സ്ത്രീ നാടെങ്ങും പോസ്റ്ററുകൾ അച്ചടിച്ച് വിതരണം ചെയ്തു. ഏകദേശം 400 റിയാലിന് താഴെ മാത്രം വിലയുള്ള പൂച്ചയെ തിരിച്ചുകിട്ടാൻ അവർ വാഗ്ദാനം ചെയ്തത് 5000 ഖത്തർ റിയാലാണ്. അതായത്, ഏകദേശം ഒരു ലക്ഷം ഇന്ത്യൻ രൂപ. ആ പൂച്ചയെ ഉടമക്ക് തിരിച്ചുകിട്ടിയോ എന്നറിയില്ല. എന്നാൽ, ഇത്തരത്തിൽ ഏതെങ്കിലുമൊക്കെ സാഹചര്യത്തിൽ വളർത്തുപൂച്ചകളെ നഷ്ടപ്പെടുന്നവരുണ്ട്. യാത്രപോകേണ്ട സന്ദർഭങ്ങളിലൊക്കെയാണ് പലർക്കും വളർത്തുപൂച്ചകളെ നഷ്ടപ്പെടുന്ന സാഹചര്യമുള്ളത്. അതുകൊണ്ടുതന്നെ പൂച്ചകളെ നഷ്ടപ്പെടുന്ന വാർത്തകൾ ഉണ്ടാകുമ്പോഴെല്ലാം ഉടമകളോട് ഖത്തറിലെ ചിലരെങ്കിലും ചോദിക്കുന്ന ഒരു ചോദ്യമുണ്ട്; എന്തുകൊണ്ട് നിങ്ങൾ വീട്ടിലില്ലാതിരുന്ന ദിവസങ്ങളിൽ പൂച്ചയെ തനിച്ചാക്കി പോയെന്ന്. കാറ്ററി കാറ്റ് ഹോട്ടലിൽ പൂച്ചകളെ കൊണ്ടാക്കിയിരുന്നെങ്കിൽ മടങ്ങിവരുന്നനേരം പൂച്ചയും സുരക്ഷിതമായിരിക്കുമല്ലോയെന്ന്. ചിലർ ആദ്യമായി കേൾക്കുന്ന പേരായിരിക്കും അത്. എന്നാൽ, ഖത്തറിൽ അതൊരു സുപരിചിതമായ പേരാണ്. പൂച്ചകൾക്കുവേണ്ടിയുള്ള നക്ഷത്ര ഹോട്ടൽ. ഖത്തറിൻെറ തലസ്ഥാനമായ ദോഹയിൽനിന്ന് കൃത്യം 45 കിലോമീറ്റർ സഞ്ചരിച്ചാൽ അൽഖോറിലുള്ള 'കാറ്ററി കാറ്റ് ഹോട്ടലിൽ' എത്താം.

●●●

ഹോട്ടലിൻെറ റിസപ്ഷനിലേക്ക് കടന്നപ്പോൾ അവിടെ പൂച്ചകളുടെ ശിൽപങ്ങൾ പലയിടത്തും സ്ഥാനം പിടിച്ചിരിക്കുന്നു. ഒറ്റനോട്ടത്തിൽ അസ്സൽ മാർജാരന്മാരാണെന്ന് തോന്നിപ്പിക്കുന്ന, തടിയിൽ കൊത്തിയെടുത്ത് നിറംപിടിപ്പിച്ചവ. പിന്നെ ഭംഗിയായി അലങ്കരിച്ച ഷോക്കേസിൽ ഹോട്ടലിൽ താമസിക്കാനെത്തുന്ന അതിഥികൾക്കായുള്ള സൗന്ദര്യ വർധക വസ്തുക്കൾ മുതൽ കളിപ്പാട്ടങ്ങളും ഭക്ഷണങ്ങളും ഒക്കെ ഒതുക്കിവെച്ചിരിക്കുന്നു. കളിപ്പാട്ടങ്ങൾ പലതും മീനിൻെറയും എലിയുടെയും രൂപത്തിലുള്ളതാണ്. വെറും തട്ടിക്കളിക്കാനും കൊത്തിപ്പറിക്കാനും മാത്രമല്ല കളിപ്പാട്ടങ്ങളുടെ ദൗത്യം. നഖം മിനുക്കാനുള്ള ചെപ്പടിവിദ്യകളാണ് ചില കളിപ്പാട്ടങ്ങളുടെ ദൗത്യമെന്ന് ആശ ഹുമൈദി പറഞ്ഞുതന്നു. റിസപ്ഷനിൽ തന്നെ ഹോട്ടലുടമമായ ആശയുടെ മാതാവ് മാർഗരറ്റ് ഹുമൈദിയും ഉണ്ടായിരുന്നു. ഇതെല്ലാം മകളുടെ അഭിരുചിയാണ്. എനിക്ക് ഇതുമായി ബന്ധമൊന്നുമില്ല എന്നായിരുന്നു അവരുടെ പ്രതികരണം. മകളുടെ സംരംഭത്തിന് തൻെറ പിന്തുണയുണ്ടെന്നും അവർ പറഞ്ഞു. റിസപ്ഷനിലെ തടിച്ച രജിസ്റ്ററിൽ പൂച്ചകളുടെ പേരും ഹോട്ടലിൽ മുറിയെടുക്കുന്ന ദിവസവും മറ്റും കൃത്യമായി എഴുതിവെക്കും. റിസപ്ഷനിൽനിന്ന് അകത്തേക്ക് കടന്നപ്പോൾ കഫറ്റീരിയയാണ് കണ്ണിൽപെട്ടത്. പൂച്ചകൾക്കായുള്ള പലതരം ഭക്ഷണങ്ങൾ നിറഞ്ഞ വിശാലമായ ഒരു ഹാൾ. പൂച്ചകൾക്കായുള്ള ആരോഗ്യസംരക്ഷണത്തിൻെറയും ഉപകരണങ്ങളും മറ്റുമുള്ള മറ്റൊരു മുറിയും കണ്ടു. അവിടെ മരുന്നുകളും ദേഹം വൃത്തിയാക്കാനുള്ള സാധനങ്ങളുമൊക്കെ അടുക്കിവെച്ചിരിക്കുന്നു.

ഹോട്ടലിലേക്ക് കൗതുകത്തോടെ പ്രവേശിക്കുമ്പോൾ ഒരു റേഡിയോ ഇരുന്ന് പാടുന്നു. എഫ്.എം ചാനലിൽകൂടിയുള്ള ഹിന്ദിപ്പാട്ടുകൾ ഇവിടെ ഉച്ചകഴിഞ്ഞുള്ള നേരത്ത് ചെറിയ ശബ്ദത്തിൽ കേൾപ്പിച്ചുകൊടുക്കാറുണ്ടത്രെ. അതുകേട്ട് പതിയെ അതിഥികൾ മയങ്ങും.

പൂച്ചകൾക്കുവേണ്ടി ഇവിടെ വിവിധ കാറ്റഗറിയിലുള്ള സ്യൂട്ടുകളാണുള്ളത്. സുഖസൗകര്യങ്ങൾ കൂടുന്നതിനനുസരിച്ച് വാടക കൂടും എന്നുമാത്രം. ഒരു മുറി എന്നാൽ നമ്മുടെ സാധാരണ കിടപ്പുമുറിയുടെ അഞ്ചിലൊന്ന് ഭാഗം വരുന്നതാണ്. അതിൽതന്നെ മൂന്ന് തട്ടുകളാണുള്ളത്. ഏറ്റവും താഴെ ടോയ്ലറ്റ് സൗകര്യങ്ങളും ക്ലോസറ്റും ഒക്കെ. രണ്ടാമത്തെ തട്ടിൽ ഭക്ഷണം കഴിക്കാനുള്ള സൗകര്യം. മൂന്നാമത്തെ തട്ടിലാണ് ബെഡ്. എയർകണ്ടീഷൻ ചെയ്ത മുറിയിൽ റേഡിയോയും കേട്ട് നല്ല ഭക്ഷണവും കഴിച്ച് യജമാനൻ വരുന്നതുവരെ അതിഥികളായി സുഖിച്ച് കഴിയാം. എല്ലാ ദിവസവും മെഡിക്കൽ ചെക്കപ്പുമുണ്ട്. കുളിപ്പിക്കൽ, മുടിചീകൽ, ടൈയോ കൂമ്പൻതൊപ്പിയോ മണിയോ ഒക്കെ ധരിപ്പിക്കണമെന്നുള്ള പൂച്ച ഉടമകളുടെ ഇഷ്ടത്തിന് അനുസരിച്ചുള്ള ഒരുക്കങ്ങൾ എല്ലാം കുലീനമായിത്തന്നെ ചെയ്യുന്നു. ആകെ 70 പൂച്ചകളെ പ്രതിദിനം താമസിപ്പിക്കാനുള്ള സൗകര്യമാണുള്ളത്.

ചില മുറികളിൽ ഇണകളെയും ചിലയിടങ്ങളിൽ ഒരേ ലിംഗക്കാരെയും ഒക്കെ പാർപ്പിച്ചിരിക്കുന്നു. കൂടുതലും ഒറ്റക്കാണ് കക്ഷികൾ പാർക്കുന്നത്. ഹോട്ടൽമുറികളുടെ മുന്നിൽ 'കേസ്ഷീറ്റുകൾ' പ്രദർശിപ്പിച്ചിട്ടുണ്ട്. അതിൽ ഭാരം, സൗന്ദര്യം, ശീലങ്ങൾ, ആരോഗ്യം ഒക്കെ കൃത്യമായി അടയാളപ്പെടുത്തിയിരിക്കുന്നു. മാക്സ് എന്ന പൂച്ചക്കുട്ടൻെറ മുറിക്ക് മുന്നിൽ അവൻെറ നഖങ്ങൾ ആഴമേറിയതാണെന്ന മുന്നറിയിപ്പുണ്ട്. അത് വായിച്ച് നീങ്ങുന്നതിനിടയിൽ വളരെ പെട്ടെന്ന് ഡോറിൻെറ അഴികൾക്കിടയിലൂടെ അവൻെറ കൈ നീണ്ടുവന്നു. അതിലെ നഖങ്ങൾ ആർത്തിയോടെ പുറത്തേക്ക് നീളുന്നു. ഭാഗ്യംകൊണ്ട് രക്ഷപ്പെട്ട് അടുത്ത മുറിയുടെ മുന്നിലേക്ക് നീങ്ങുമ്പോൾ വികലാംഗയായ, ബ്രൗണും വെളുപ്പും ഉള്ള പൂച്ചയെ കണ്ടു. പേര് ലിംബി. അതിൻെറ കൂട്ടുകാരൻ 'പാവ്'. രണ്ടുപേർക്കും കടിപിടി കൂടാനേ സമയമുള്ളൂ. യുദ്ധത്തിനൊടുവിൽ പാവ് നിലവിളിക്കും. ഞങ്ങൾ ഹോട്ടൽ സന്ദർശിച്ച് തീരുംവരെ പരാജിതനായ 'പാവി'ൻെറ വിലാപം മുഴങ്ങിക്കൊണ്ടിരുന്നു. എങ്കിൽ ഇവരെ മാറ്റിപ്പാർപ്പിച്ചുകൂടേയെന്ന് ചോദിച്ചപ്പോൾ ആശ പറയുകയാണ്, അങ്ങനെയായാൽ ലിംബി കരയുമെന്ന്. ഇവിടെ പരിചാരകരായ രണ്ട് ഫിലിപ്പീനികൾ നിശ്ശബ്ദം ഓടിനടക്കുകയാണ്.

ആശ ഹുമൈദിയുടെ മാതാവ് മാർഗരറ്റ് ഇംഗ്ലണ്ടുകാരിയാണ്. പിതാവ് ഖത്തരിയും. അവർ ജനിച്ചതും പഠിച്ചതും ഖത്തറിൽതന്നെ. അമ്മ ബിസിനസിൽ ശ്രദ്ധപതിപ്പിച്ചപ്പോൾ പിതാവിൽനിന്ന് കിട്ടിയതാണ് ആശക്ക് പൂച്ചകളോടും മറ്റു ജീവികളോടുമുള്ള സ്നേഹം. ഇപ്പോൾ ഇതൊരു വിജയകരമായ സംരംഭവുമായി. വീട് വിട്ട് യാത്ര പോകേണ്ടവർ കാറ്ററി ഹോട്ടലിൽ ഏൽപിച്ച് പോയാൽ അവർ വരുന്നതുവരെ ഒന്നും പേടിക്കേണ്ടതില്ല. ചിലർ മടങ്ങിവരുന്നതുവരെ മാസങ്ങൾ നീണ്ടാലും വർഷം കഴിഞ്ഞാലും അവർ ഇവിടെ സുരക്ഷിതരായി കഴിയുന്നു. ഖത്തറിലെ ജനങ്ങൾ പൂച്ചകളെ സ്നേഹിക്കുന്നത് ഹൃദയസ്പർശിയായ അനുഭവമാണ്. അതിന് കോട്ടംതട്ടാതിരിക്കാൻ ഞങ്ങളും ശ്രദ്ധിക്കുന്നു പുഞ്ചിരിയോടെ ആശ ഹുമൈദി പറയുന്നു. ●